**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2455** **12-12-2022 - ൽ മറുപടിയ്ക്ക്**

**യുണീക്ക് ബിൽഡിംഗ് നമ്പർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്നും ഏത് സോഫ്റ്റ്‌വെയർ മുഖേനയാണ് നടപ്പാക്കുന്നതെന്നും അറിയിക്കാമോ; പ്രസ്തുത സംവിധാനത്തിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | **സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ് കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നത്. സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട് ഏതെ ങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിട്ടാൽ ആയത് റിപ്പോർട്ട് ചെയ്യുന്ന മുറക്ക് ഐ കെ എം പരിഹരിക്കുന്നുണ്ട്.** |
| (ബി) | എല്ലാ കെട്ടിടങ്ങൾക്കും സോഫ്റ്റ്‌വെയർ സഹായത്തോടെ സവിശേഷ തിരിച്ചറിയൽ നമ്പർ നൽകുന്ന പദ്ധതി പരിഗണനയിലുണ്ടോ; പ്രസ്തുത പദ്ധതി മുഖേന എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (ബി) | **ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ് വെയർ മുഖേന കെട്ടിട നമ്പർ അനുവദിക്കുമ്പോൾ എല്ലാ കെട്ടിടങ്ങൾക്കും സവിശേഷ തിരിച്ചറിയൽ നമ്പർ നൽകുന്ന പദ്ധതി നിലവിലുണ്ട്. 30.10.2022 ലെ സ. ഉ. (കൈ) നമ്പർ 241/2022/ ത.സ്വ.ഭ.വ പ്രകാരം സർക്കാർ ഇതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സവിശേഷ തിരിച്ചറിയൽ നമ്പർ നൽകുന്നത് വഴി വാർഡുകൾ മാറുമ്പോൾ കെട്ടിട നമ്പർ മാറുന്നത് കൊണ്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയും . കെട്ടിടങ്ങളെ തിരിച്ചറിഞ്ഞു നികുതി പിരിവു കാര്യക്ഷമമായി നടപ്പിലാക്കുവാനും അനധികൃത നിർമ്മിതികൾ തിരിച്ചറിയുവാനും കഴിയും .** |

സെക്ഷൻ ഓഫീസർ